## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3966 — 27.06.2012-ൽ മറുപടിയ്ക്ക്

### ഗവൺമെന്റ് മെഡിക്കൽകോളേജിലെ റേഡിയോതെറാപ്പി ഡിപ്ലോമ കോഴ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ഏതെല്ലാം ഗവൺമെന്റ് മെഡിക്കൽ കോളേജിലാണ് റേഡിയോതെറാപ്പി ഡിപ്ലോമ കോഴ്സുകൾ ഉള്ളതെന്ന് പറയാമോ ; ഓരോ മെഡിക്കൽ കോളേജിലും എത്ര സീറ്റുകൾ വീതമാണ് ഈ കോഴ്സിനുള്ളതെന്നും അറിയിക്കാമോ ; | എ) | സംസ്ഥാനത്തെ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസസ് (പി.ഐ.പി.എം.എസ്) എന്ന സ്ഥാപനത്തിലും റേഡിയോതെറാപ്പി ഡിപ്ലോമ കോഴ്സ് നടത്തി വരുന്നു. ഓരോ മെഡിക്കൽ കോളേജുകളിലെയും പി.ഐ.പി.എം.എസ് -ലെയും സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>1 മെഡിക്കൽ കോളേജ്, തിരുവനന്തപുരം :10<br>2 ടി.ഡി.മെഡിക്കൽ കോളേജ്, ആലപ്പുഴ :10<br>3 മെഡിക്കൽ കോളേജ്, കോട്ടയം :15<br>4 മെഡിക്കൽ കോളേജ്, തൃശ്ശൂർ :35<br>5 മെഡിക്കൽ കോളേജ്, കോഴിക്കോട് :30<br>6 പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസസ്, തിരുവനന്തപുരം :30 |
| ബി) | അറ്റോമിക് റെഗുലേറ്ററി അതോറിറ്റി പ്രസ്തുത കോഴ്സുകളുടെ അംഗീകാരം തടയുകയോ, റദ്ദാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | ബി) | റേഡിയോ തെറാപ്പി ടെക്നോളജിസ്റ്റായി ജോലി ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ അറ്റോമിക് എനർജി റഗുലേറ്ററി അതോറിറ്റി (എ.ഇ.ആർ.ബി) 2011-ൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (AERB/Ref-Med/Sc-1(Rev.1)-2011). അതിൻപ്രകാരം റേഡിയോ തെറാപ്പി മാത്രം അടങ്ങുന്ന കോഴ്സ് ആണെങ്കിൽ രണ്ടു വർഷവും, റേഡിയോ ഡയഗ്നോസ്റ്റിക് കൂടിയുള്ള സമ്മിശ്ര കോഴ്സ് ആണെങ്കിൽ മൂന്നു വർഷവും നിഷ്കർഷിക്കുന്നു. രണ്ടു വർഷം മാത്രമുള്ള കോഴ്സുകൾ ഡിപ്ലോമയും മൂന്നു വർഷ കോഴ്സുകൾ ഡിഗ്രി കോഴ്സും ആകുന്നു. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ഡിപ്ലോമ കോഴ്സുകൾ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. മൂന്നു വർഷ കോഴ്സുകൾക്ക് കേരള ആരോഗ്യ സർവ്വകലാശാലയാണ് ബിരുദം നൽകേണ്ടത്. ആയതിനാൽ 2012 അദ്ധ്യായനവർഷം മുതൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി (ഡി.ആർ.റ്റി) എന്ന കോഴ്സ് പാസ്സാകുന്നവർക്ക് റേഡിയോളജി ടെക്നീഷ്യനായി മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം പ്രോസ്പെക്ടസിൽ രേഖപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എ.ഇ.ആർ.ബി പ്രസ്തുത ഡി.ആർ.റ്റി കോഴ്സിന്റെ അംഗീകാരം റദ്ദാക്കിയതായോ തടയുകയോ ചെയ്തതായി സർക്കാരിനെ അറിയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | അറ്റോമിക് റെഗുലേറ്ററി അതോറിറ്റി ഇത്തരമൊരു നടപടി സ്വീകരിച്ചത് വ്യക്തമാക്കമോ ; | സി) | റേഡിയോ തെറാപ്പി ടെക്നീഷ്യനായി പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എ.ഇ.ആർ.ബി സ്വയം നിശ്ചയിച്ചതാണ്. |
| ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമാക്കേണ്ടുന്ന വിവരങ്ങൾ യഥാസമയം അറ്റോമിക് റെഗുലേറ്ററി അതോറിറ്റിയ്ക്ക് ലഭ്യമാക്കാത്തതിനാലാണ് പ്രസ്തുത കോഴ്സിന്റെ അംഗീകാരം തടസ്സപ്പെടുത്തുവാനോ, റദ്ദാക്കുവാനോ ഇടയായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | എ.ഇ.ആർ.ബി നിബന്ധനകൾക്ക് വിധേയമായി ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി കോഴ്സ് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.ഇ.ആർ.ബിയ്ക്ക് പ്രസ്തുത കോഴ്സിന്റെ സിലബസ് അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. |
| ഇ) | ഇത്തരമൊരു കോഴ്സിന്റെ അംഗീകാരം റദ്ദാക്കുവാൻ സാഹചര്യം സൃഷ്ടിച്ചവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | ഇ) | പ്രസ്തുത സാഹചര്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ